## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3190** 18-10-2016-ൽ **മറുപടിക്ക്**

### മഞ്ചേരി - നിലമ്പൂർ 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി അപ്ഗ്രേഡ് ചെയ്യൽ

| ചോദ്യം<br>**ശ്രീ.പി.വി. അൻവർ** | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മഞ്ചേരി - നിലമ്പൂർ 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആക്കി അപ്ഗ്രേഡ് ചെയ്യുന്ന ജോലി, നിലമ്പൂരിൽ നിന്നും എടക്കരയിലേയ്ക്ക് നിലവിലുള്ള ലൈൻ ഡബിൾ സർക്യൂട്ടാക്കുന്ന ജോലി എന്നിവ ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; അതിനുവേണ്ട സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) മഞ്ചേരി – നിലമ്പൂർ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്നതിനായി 66 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി. ഡബിൾ സർക്യൂട്ട് ആയി ഉയർത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഒരു വർഷത്തെ സമയം ആവശ്യമാണ്. പ്രസ്തുത പ്രവൃത്തി 2017-18 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി 78 ടവറുകൾ മാറ്റി സ്ഥാപിക്കേണ്ടതും 23.3 കിലോമീറ്റർ ലൈൻ വലിക്കേണ്ടതുമുണ്ട്. ഇതിൽ 19 ടവറുകൾ സ്പെഷ്യൽ ടൈപ്പ് ടവറുകളാണ്. നിലമ്പൂർ - ഇടക്കര ലൈൻ ഡബിൾ സർക്യൂട്ട് ആയി ഉയർത്തുന്ന പ്രവൃത്തി 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാകും. പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. സബ് സ്റ്റേഷൻ ആയി അപ്ഗ്രേഡ് ചെയ്യുന്ന ജോലി പൂർത്തീകരിക്കുന്നതിനിടയിൽ വരാൻ സാധ്യതയുള്ള പവർകട്ട് ഒഴിവാക്കുന്നതിന് ബദൽ മാർഗ്ഗം സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ടുവരുന്ന വൈദ്യുതി വിതരണ തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി 33 കെ.വി. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും, 66 കെ.വി. കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് നിർമ്മാണ സമയത്ത് വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ